"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ട്രിഡയുമായുള്ള വാടക കരാർ പുതുക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1930/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

പരാമർശം:-

1. സ.ഉ.(സാധാ) നം. 3791/2008/തസ്വഭവ തീയതി 28/10/2008.
2. സ.ഉ.(സാധാ) നം. 2721/2019/തസ്വഭവ തീയതി 01/12/2019.
3. സ.ഉ.(സാധാ) നം. 4/2021/തസ്വഭവ തീയതി 01/01/2021.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 14.07.2022, 24.01.2024, 12.02.2025 തീയതികളിലെ എ1/2915/19/ഒബിഡിഎൻ നമ്പർ കത്ത്.
5. ട്രിഡ സെക്രട്ടറിയുടെ 26.05.2023, 16.08.2024, 24.10.2024, 14.07.2025 തീയതികളിലെ ആർ3/3306/2008/ട്രിഡ നമ്പർ കത്ത്

**ഉത്തരവ്**

ട്രിഡയുടെ ഉടമസ്ഥതയിലുള്ള പാളയം സാഫല്യം കോംപ്ലക്സിലുള്ള 586.43 ചതുരശ്ര മീറ്റർ വരുന്ന O-3, O-4-ലുള്ള ഓഫീസ് സ്ഥലങ്ങൾ മാസവാടക അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ പ്രവർത്തനത്തിനായി പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. പ്രസ്തുത വാടക കരാർ 28.10.2010 ന് അവസാനിക്കുകയും 12.05.2014 ന് വീണ്ടും പുതുക്കുകയും ആയതിന് 24.09.2014-ന് അനുമതി നൽകുകയും ചെയ്തിരുന്നു. ടി വാടക കരാറിലെ Clause IV-1 പ്രകാരം മൂന്നു വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് വരുത്തിക്കൊണ്ട് പുതുക്കേണ്ടതാണ്. തുടർന്ന്, പരാമർശം (2), (3) പ്രകാരം **28.10.2019 മുതൽ മൂന്ന് വർഷത്തേയ്ക്ക് 15% വാടക വർദ്ധനവോടു കൂടി വാടക കരാർ പുതുക്കുന്നതിനും, അപ്രകാരം ട്രിഡയുമായി വാടകക്കരാറിൽ ഏർപ്പെടുന്നതിനും** സർക്കാർ അനുമതി നൽകിയിട്ടുണ്ട്. **ഓഫീസ് സ്പെയിസിന്റെ വാടക കരാർ 28/10/2022-ൽ അവസാനിച്ചിട്ടുള്ളതിനാൽ 29/10/2022 മുതൽ വാടക വർദ്ധനവായ മൂന്ന് വർഷത്തിലൊരിക്കൽ 15% വർദ്ധനവ് എന്ന നിരക്കിൽ (2022-2025) (2025-2028) എന്നീ വർഷത്തേക്ക് വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിന്** അനുമതി നല്കണമെന്ന് പരാമർശം (4), (5) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി, ട്രിഡ സെക്രട്ടറി എന്നിവർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയത്തിനായി O-3, O-4 എന്ന ഓഫീസ് സ്പെയിസിന്റെ വാടക കരാർ 29/10/2022 മുതൽ വാടക വർദ്ധനവായ മൂന്ന് വർഷത്തിലൊരിക്കൽ 15% വർദ്ധനവ് എന്ന നിരക്കിൽ (2022-2025) (2025-2028) എന്നീ വർഷത്തേക്ക് വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിനും, പുതുക്കിയ നിരക്കിൽ ട്രിഡയുമായി കരാറിൽ ഏർപ്പെടുന്നതിനും തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം.

സെക്രട്ടറി, ടിഡ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ

(E&RSA/G&SSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 05-08-2025 12:37:01

സെക്ഷൻ ഓഫീസർ